പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 78 09.08.2017 -ൽ മറുപടിക്ക്

**തൊഴിലന്വേഷകർക്ക് സഹായകരമായ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. എം.മുകേഷ്<br>ശ്രീ.കെ.ജെ.മാക്സി | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ നേട്ടം വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനിക വൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഇ സേവനങ്ങൾ നൽകുന്നതിനായി e-employment exchange എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും 03.05.2017 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള സേവനങ്ങൾ ഓൺലൈൻ ആയി നൽകിവരികയും ചെയ്യുന്നു. നിലവിൽ രജിസ്ട്രേഷൻ, പുതുക്കൽ, അധികയോഗ്യത ചേർക്കൽ, സ്പെഷ്യൽ റിന്യൂവൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ മുതലായവ ഓൺലൈൻ ആയി ചെയ്യാവുന്നതാണ്. തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുവാനും സ്വകാര്യ മേഖലയിൽ തൊഴിൽ നേടുവാനും പരിശീലനം കൊടുക്കുന്നതിനായി ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ മുഖേന 36397 പേർക്ക് സ്വകാര്യ മേഖലയിൽ ജോബ് ഓഫർ നൽകുവാൻ സാധിച്ചു. |

| | | | |
|---|---|---|---|
| | | | കൂടാതെ വിദ്യാഭ്യാസം/തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് അറിവും പരിശീലനവും നൽകുന്നതിനായി തുടങ്ങിയ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ വഴി 2421 പേർക്ക് പരിശീലനം നൽകുകയുമുണ്ടായി. |
| **ബി)** | സ്വകാര്യമേഖലയിൽ ഉണ്ടാകുന്ന തൊഴിലുകളിലേക്ക് കൂടി തൊഴിലന്വേഷകർക്ക് അവസരം ലഭിക്കത്തക്ക രീതിയിൽ തൊഴിൽ വകുപ്പ് ജോബ് പോർട്ടൽ ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട്. |
| **സി)** | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കൂടി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ള എംപ്ലോയബിലിറ്റി സെൻറർ പദ്ധതി എത്ര മാത്രം പ്രയോജനപ്രദമാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) | എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഭരണസമിതി നിലവിലുണ്ട്. ടി സെന്ററുകളുടെ പൂർണ്ണമായ മേൽനോട്ടവും ഏകോപനവും ജില്ലാ എംപ്ലോയ് മെന്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രതിമാസ പ്രവർത്തനങ്ങൾ ജില്ലാ എംപ്ലോയ് മെന്റ് ഓഫീസർ എല്ലാ മാസവും അവലോകനം ചെയ്യുകയും കൂടാതെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ അവരവരുടെ കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ |

| | | | |
|---|---|---|---|
| | | | ഓരോ മൂന്നു മാസം കൂടുമ്പോഴും നേരിട്ട് പരിശോധന നടത്തി ടി പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രയോജനപ്രദമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ട്. മേൽ പദ്ധതിയിലൂടെ 2017 മെയ് 31 വരെയുള്ള കാലയളവുകളിൽ 36397 പേർക്ക് സ്വകാര്യ മേഖലയിൽ ജോബ് ഓഫറുകൾ നൽകിയിട്ടുണ്ട്. |
| ഡി) | കരിയർ ഡെവലപ്മെന്റ് സെൻററുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; ഇവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ഡി) | ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസമേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് കരിയർ ഡെവലപ്മെന്റ് സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. കരിയർ ഇൻഫർമേഷൻ, individual ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിങ് |

മോട്ടിവേഷൻ ക്ലാസുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, മത്സര പരീക്ഷ പരിശീലന പരിപാടികൾ തുടങ്ങി പലതും ഈ സെന്ററുകളിൽ നടത്തുന്നുണ്ട്. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ